**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1058** **24-02-2022 - ൽ മറുപടിയ്ക്ക്**

**പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ ആധുനിക മത്സ്യമാർക്കറ്റുകളായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുള്ള മത്സ്യമാർക്കറ്റുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പാറശ്ശാല മണ്ഡലത്തിലെ പനച്ചമൂട് മത്സ്യമാർക്കറ്റ് 462.83 ലക്ഷം രൂപയ്ക്ക് കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് മത്സ്യമാർക്കറ്റുകളെ ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റുകളായി ഉയർത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | കിഫ്ബി നിർമ്മാണത്തിനായി നൽകുന്ന തുക ലോണാണെന്നും ആയതിനാൽ നിർമ്മാണത്തിനായി അനുവദിച്ച തുക 5 ശതമാനം പലിശയോടുകൂടി 12 വർഷ കാലാവധിക്കുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചടയ്ക്കാമെന്ന് കിഫ്ബിയുമായി ഉടമ്പടി വയ്ക്കേണ്ടതുണ്ട് |
| (സി) | പനച്ചമൂട് മത്സ്യമാർക്കറ്റിന്റെ നവീകരണപ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ഇതിന്റെ ഭാഗമായി നടത്തുന്ന പ്രവൃത്തികൾ എന്തൊക്കെയെന്നും പ്രവൃത്തി എപ്പോൾ ആരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ? | (സി) | പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി 462.83 ലക്ഷം രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായതനുസരിച്ച് പ്രവൃത്തി നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ പഴയ കെട്ടിടങ്ങളുടെ ഡിമോളിഷൻ പഞ്ചായത്ത് മുഖേന പൂർത്തീകരിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്യേണ്ടതായി വന്നു. നിലവിൽ ഡിമോളിഷൻ പ്രവൃത്തികൾ പഞ്ചായത്ത് മുഖേന പൂർത്തീകരിച്ചിട്ടുള്ളതാണ്. 15.08.2018-ൽ ഡി.എസ്.ആർ റേറ്റ് റിവിഷൻ 2018 പ്രാബല്യത്തിൽ വന്നതിനാൽ അതിൻപ്രകാരം എസ്റ്റിമേറ്റ് പുതുക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിക്കുന്നപക്ഷം ടെണ്ടർ നടപടികൾ കൈക്കൊണ്ട് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ